"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോഴിക്കോട് ജില്ല - കൊടുവള്ളി നഗരസഭ - പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകിയിട്ടുള്ള നിലവിലെ ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഷോപ്പുടമകൾക്ക് താൽക്കാലിക സംവിധാനം ഒരുക്കുന്നതിനായി നിബന്ധനകൾക്ക് വിധേയമായി മൂന്ന് മാസത്തെ സമയം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1808/2024/LSGD തീയതി, തിരുവനന്തപുരം, 28-09-2024

---

പരാമർശം:-
1. 11.01.2024-ലെ സ.ഉ.(സാധാ.)നം.88/2024/LSGD
2. ശ്രീ. മുഹമ്മദ് നമ്പ്യാരമ്പത്ത് മുതൽ പേർ നൽകിയിട്ടുള്ള 06.08.2024 തീയതിയിലെ ഹർജി
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.09.2024-ലെ LSGD/PD/31966/2024-REV1 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നഗരസഭയുടെ നിലവിലെ ഓഫീസ് കെട്ടിടം (നമ്പർ 29/1038 മുതൽ 1063 വരെ) പൊളിച്ചു മാറ്റുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന് പ്രസ്തുത കെട്ടിടം പൊളിക്കുന്നതിനെതിരെ അതിൽ പ്രവർത്തിക്കുന്ന ഷോപ്പുടമകൾ പരാമർശം (2) പ്രകാരം ഹർജി നൽകുകയും പ്രസ്തുത് ഹർജിയിന്മേൽ പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി.

2) കൊടുവള്ളി നഗരസഭയുടെ നിലവിലെ ഓഫീസ് കെട്ടിടം (നമ്പർ 29/1038 മുതൽ 1063 വരെ) 40 വർഷം കാലപ്പഴക്കമുള്ളതാണെന്നും കാലപ്പഴക്കം മൂലവും സ്ട്രക്ചറിലെ പ്രശ്നങ്ങൾ കാരണവും പില്ലറുകളിലും ബീമുകളിലും വിള്ളൽ വന്നിട്ടുള്ളതും മെയിൻ സ്ലാബിൽ നിന്ന് കോൺക്രീറ്റ് കഷ്ണങ്ങൾ വീണുകൊണ്ടിരിക്കുന്നതുമായതിനാൽ ഉപയോഗശൂന്യമായ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് കൊടുവള്ളി നഗരസഭ ഭരണസമിതി 07.07.2023-ൽ തീരുമാനമെടുത്തിട്ടുള്ളതാണെന്നും ടി കെട്ടിടത്തിന്റെ ഫിറ്റ്നസ് സംബന്ധിച്ച റിപ്പോർട്ട് തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ളതാണെന്നും കെട്ടിടം പൊളിച്ചു മാറ്റുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ലേലം ചെയ്തു നൽകിയിട്ടുള്ളതാണെന്നും പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഷോപ്പുകൾ ഒഴികെയുള്ള എല്ലാ ഓഫീസുകളും മറ്റു കെട്ടിടത്തിലേക്ക് മാറ്റിയിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ കോൺക്രീറ്റ് കഷ്ണങ്ങൾ അടർന്നുവീണ് പൊതുജനങ്ങൾക്ക് അപകട ഭീഷണി ഉണ്ടായിട്ടുണ്ടെന്നും കെട്ടിടത്തിലെ ഏതാനും ലൈസൻസികൾ താമരശ്ശേരി മുൻസിഫ് കോർട്ടിൽ ഫയൽ ചെയ്ത OS 74/24 നമ്പർ കേസ് നിലനിൽക്കുന്നതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകിയിട്ടുള്ള കൊടുവള്ളി നഗരസഭയുടെ നിലവിലെ ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഷോപ്പുടമകൾക്ക് താൽക്കാലിക സംവിധാനം ഒരുക്കുന്നതിനായി, സമീപഭാവിയിൽ മറ്റ് അപകടങ്ങളൊന്നും സംഭവിക്കാനിടയില്ലെന്ന് തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വിഭാഗം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്നും ഇക്കാര്യത്തിൽ നഗരസഭയ്ക്ക് എതിർപ്പുണ്ടാകരുതെന്നുമുള്ള നിബന്ധനകൾക്ക് വിധേയമായി, മൂന്ന് മാസത്തെ സമയം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അമർജിത് ഉണ്ണിത്താൻ ആർ.എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം.
ഡയറക്ടർ(നഗരം), തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കൊടുവള്ളി നഗരസഭ.
കൊടുവള്ളി നഗരസഭ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഷോപ്പുടമകൾക്ക്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 28-09-2024 17:44:20